# പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

## കോളേജിലെ 2022-23 അക്കാദമിക വർഷത്തെ അഡ്മിഷനുമായി ബന്ധപ്പെട്ട പൊതു നിർദ്ദേശങ്ങൾ

പ്രിയ അദ്ധ്യാപക, അനദ്ധ്യാപക സുഹൃത്തുക്കളേ,

1. അഡ്മിഷനുമായി ബന്ധപ്പെട്ട് കോളേജിൽ ഫോൺ മുഖാന്തിരമോ, ഓൺലൈൻ വഴിയോ, അദ്ധ്യാപകരോടോ, അനദ്ധ്യാപകരോടോ കോളേജ് ഓഫീസിൽ നേരിട്ടെത്തിയോ, ഡിപ്പാർട്ട്മെന്റുകളിലോ ലഭിക്കുന്ന മുഴുവൻ അന്വേഷണങ്ങളും രേഖപ്പെടുത്തി വയ്ക്കുന്നത് ആവശ്യമാണ്. വിവിധ രീതികളിൽ അഡ്മിഷനുമായി ബന്ധപ്പെട്ട് നിങ്ങൾ ഓരോരുത്തർക്കും ലഭ്യമാകുന്ന അന്വേഷണങ്ങൾ അവയുടെ വിശദാംശങ്ങൾ എന്നിവ അതാത് തലത്തിൽ രേഖപ്പെടുത്തി വയ്ക്കുവാനും പിന്നീട് ഓഫീസിലേക്ക് ലഭ്യമാക്കുവാനുമുള്ള നടപടിക്രമങ്ങൾ എല്ലാവരും സ്വീകരിക്കുമല്ലോ.

2. കോളേജ് ഓഫീസിൽ നേരിട്ട് എത്തുകയോ ഫോണിലോ, ഓൺലൈനിലോ ലഭിക്കുന്ന അന്വേഷണങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം കോളേജ് ഓഫീസിൽ ഒരുക്കിയിട്ടുണ്ട്.

3. കോളേജ് ഓഫീസിൽ നേരിട്ട് എത്തുന്ന അപേക്ഷകർ യൂണിവേഴ്സിറ്റിയുടെ CAP പോർട്ടലിൽ അപേക്ഷിക്കാത്തവരാണെങ്കിൽ അവർക്ക് അത്തരത്തിലുള്ള സേവനം ആവശ്യമാണെങ്കിൽ ED Club ലൈബ്രററിയിൽ ഒരുക്കിയിരിക്കുന്ന സേവനകേന്ദ്രത്തിലേക്ക് പറഞ്ഞയ്ക്കുകയും അവിടെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതുമാണ്. അതിനുശേഷം അവരെ കോളേജ് ഓഫീസിലേക്ക് എത്തിച്ച് മാനേജ്മെന്റ് ക്വോട്ട, കമ്മ്യൂണിറ്റി ക്വോട്ട, എന്നിങ്ങനെയുള്ള അപേക്ഷകൾ പൂരിപ്പിച്ച് വാങ്ങുകയും സ്വാശ്രയ പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷകരാണെങ്കിൽ കോളേജ് ബർസാർ, പ്രിൻസിപ്പാൾ എന്നിവരെ കണ്ട് സീറ്റുകളുടെ ലഭ്യത അനുസരിച്ച് അഡ്മിഷന്റെ പ്രാഥമികമായ കൺഫർമേഷൻ നൽകാവുന്ന തരത്തിലാണ് ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്.

4. എയ്ഡഡ് പ്രോഗ്രാമുകളിലെ മാനേജ്മെന്റ് ക്വോട്ട സീറ്റുകളുടെ കാര്യത്തിൽ മാനേജർ, ബർസാർ, പ്രിൻസിപ്പാൾ മുഖേന അപേക്ഷകർക്ക് സീറ്റുകളുടെ പ്രാഥമികമായ കൺഫർമേഷൻ യഥാസമയത്ത് ലഭ്യമാക്കുന്നതാണ്.

5. കോഴ്സുകളുമായി ബന്ധപ്പെട്ട് സംശയങ്ങൾ ഉള്ള അപേക്ഷകർക്ക് സംശയങ്ങൾ അതാത് ഡിപ്പാർട്ടുമെന്റുകളിൽ എത്തി ദൂരീകരിക്കാൻ അവസരം നൽകിയിട്ടുള്ളതിനാൽ ഡിപ്പാർട്ടുമെന്റുകൾ കോഴ്സ് സംബന്ധിച്ച് വിശദാംശങ്ങൾ അപേക്ഷകർക്ക് മനസ്സിലാകും വിധം നൽകാനായി ഒരു ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. ഓരോ ഡിപ്പാർട്ടുമെന്റുകളിലും ബന്ധപ്പെടേണ്ട അദ്ധ്യാപകരുടെ/HOD ലിസ്റ്റ് കോളേജ് വെബ്സൈറ്റിൽ/ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

പ്രിൻസിപ്പാൾ